കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1803/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയ്യതി : 22.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1803 /2019 തീയ്യതി: 22.01.2020

# കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 13.11.2018 മുതൽ 14.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2019 മുതൽ 28.11.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ. എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഗിരീശൻ.കെ.കെ | 01.04.18മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീ . ഉമേഷ് ബാബു കോട്ടായി | 1-4-18 മുതൽ 31.03.19വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കൃഷ്ണ .എസ് | 1.4.2018 മുതൽ 7.5.2018വരെ |
| | | 1.6.2018 മുതൽ 19.8.2018 വരെ |
| | ശ്രീമതി.രമ.കെ.ടി | 17.5.2018 മുതൽ 31.5.2018 വരെ |
| | ശ്രീമതി.ആർദ്ര എസ് രഘുനാഥ് | 20.8.2018 മുതൽ 31.3.2019 വരെ |
| | ഒഴിവ് | 8.5.2018 മുതൽ 16.5.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.-കടമ്പൂർ | ശ്രീ.ബിബിൻ ചന്ദ്ര.വി .ബി | 1.4.2018 മുതൽ 21.1.2019വരെ |
| | ശ്രീ.റനിൽ.പി.പി | 22.1.2019 മുതൽ 31.3.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.-കാടാച്ചിറ | ശ്രീ.സിനൂപ്.സി.വി | 1.4.2018 മുതൽ 10.1.2019വരെ |
| | ശ്രീ.ബിബിൻചന്ദ്ര.വി.ബി (അധിക ചുമതല) | 11.1.2019 മുതൽ 21.1.2019 വരെ |
| | ശ്രീ.റനിൽ.പി.പി(അധിക ചുമതല) | 22.1.2019 മുതൽ 17.3.2019വരെ |
| | ശ്രീ.പ്രവീൺ കുമാർ.പി | 18.3.2019 മുതൽ |

| | | |
|---|---|---|
| | [illegible] | 16.3.2019 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.കിരൺ വിശ്വനാഥ് | 1.4.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ<br>പി .എച്ച്.സി | ഡോ.ഇസ്മയിൽ .സി.വി.ടി | 1.4.2018 മുതൽ 3.1.2019 വരെ |
| | ഡോ.ഷിജി.എ.ആർ | 4.1.2019 മുതൽ 28.1.2019 വരെ |
| | ഡോ.ജിപിന.കെ | 29.1.2019 മുതൽ8.3.2019 വരെ |
| | ഡോ.ഫഹദ് നിജിൽ | 9.3.2019മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.ടി.മനോജ് | 1.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പ്രസാദ്.വി.വി | 1.4.2018 മുതൽ 23.11.2018വരെ |
| | ശ്രീമതി.ഷാജ.എം | 24.11.2018 മുതൽ 26.12.2018 വരെ |
| | ശ്രീ.ഗോകുൽകൃഷ്ണ.കെ.ജി | 27.12.2018മുതൽ 15.3.2019 വരെ |
| | ശ്രീ.ദിവ്യരാജൻ.എം.ഡി | 16.3.2019 മുതൽ 31.3.2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ജമീല.സി | 1.4.2018 മുതൽ31.5.2018വരെ |
| | ശ്രീമതി.വിലാസിനി കക്കോത്ത് | 1.6.2018മുതൽ 31.3.2019വരെ |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| | ഭാഗം -1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-11 |
| 12 | ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ് ചെയ്യാത്തത് | 1-12 |
| 13 | കാലി ബാരൽ വില,തനത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നത് | 1-13 |
| 14 | വസ്തുനികുതി അപാകങ്ങൾ | 1-14 |
| 15 | തൊഴിൽനികുതി അപാകങ്ങൾ | 1-15 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 1-16 |
| 17 | റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ അപാകങ്ങൾ | 1-17 |
| 18 | സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പ്രീമിയം തുക നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല | 1-18 |
| 19 | സാമൂഹ്യ സുരക്ഷാപെൻഷൻ-അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ് | 1-19 |
| 20 | തെരുവ് വിളക്ക് എ എം സി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-20 |
| 21 | കേരള വാട്ടർ അതോറിറ്റി-ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 22 | തെങ്ങ്കൃഷി വികസന പദ്ധതി -സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -₹ 1955520 തടസ്സപ്പെടുത്തുന്നു . | 1-22 |
| 23 | പശു വളർത്തൽ പദ്ധതി- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ:- അപാകങ്ങൾ | 1-24 |

| | | |
|---|---|---|
| 25 | ആനപ്പാലം മാളികപ്പറമ്പ് റോഡ് ടാറിംഗ്-നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-25 |
| 26 | കേസ് റോഡ് വട്ടേപ്രം ഒരികര എൽ പി സ്കൂൾ റോഡ് ടാറിംഗ്-നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. | 1-26 |
| 27 | മാളികപ്പറമ്പ് കണിശ്ശൻമുക്ക് റോഡ് മെയിന്റൻസ് -നിശ്ചയിച്ച കാലാവധിക്കുള്ളിൽ കരാർ വയ്ക്കാത്തതും പ്രവൃത്തി പൂർത്തീകരിക്കാത്തതിലെ കാലതാമസത്തിന് പിഴ ഈടാക്കാത്തതും | 1-27 |
| 28 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാൻ വാങ്ങിക്കുന്നതുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കാത്തത് | 1-28 |
| 29 | റോഡ് ടാറിംഗിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല | 1-29 |
| 30 | ബാലസൗഹൃദ അങ്കനവാടി സജ്ജീകരിക്കൽ – രേഖകളുടെ അഭാവത്തിൽ ₹ 155316 തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | അഗതിരഹിതകേരള പദ്ധതി - അവലോകനം | 1-31 |
| 32 | അജൈവ മാലിന്യ സംസ്കരണവും വയബിലിറ്റി ഗേപ്പ് ഫണ്ടും | 1-32 |
| 33 | എസ്.എസ്.എ വിഹിതം കൈമാറൽ - ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-33 |
| 34 | പാലിയേറ്റീവ് കെയർ പദ്ധതി - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. | 1-34 |

ഭാഗം-II

| |
|---|
| വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല |

ഭാഗം-III

| |
|---|
| ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 43 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 48 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24/03/2018തീയതിയിലെ 68/18(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15/02/2019 തീയതിയിലെ 65/19(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബജറ്റ്- 2018-19 | | പുതുക്കിയ ബജറ്റ് 2018-19 | |
|---|---|---|---|
| മുന്നിരിപ്പ് | 3551000 | മുന്നിരിപ്പ് | 3458103 |
| വരവ് | 109995000 | വരവ് | 103263985 |
| | | | |

| | | | |
|---|---|---|---|
| ആകെ | 113546000 | ആകെ | 106722088 |
| ചെലവ് | 112743000 | ചെലവ് | 103788088 |
| നീക്കിയിരിപ്പ് | 803000 | നീക്കിയിരിപ്പ് | 2934000 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 15.5.2019 | തിരിച്ചയച്ചിട്ടില്ല | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 79,88,490.00 |
| വരവ് | 4,35,95,152.00 |
| ആകെ | 5,15,83,642.00 |
| ചെലവ് | 4,39,30,845.00 |
| നീക്കിയിരിപ്പ് | 76,52,797.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | 0 | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 92,06,475 | 92,06,475 | 82,67,823.00 | 9,38,652 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7,38,000.00 | 7,38,000.00 | 4,09,595 | 3,28,405 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 1,29,000 | 1,29,000 | | സർക്കാരിലേയ്ക്ക് തിരിച്ചടച്ചു |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 50,37,000.00 | 50,37,000.00 | 41,76,648.00 | 8,60,352 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 27,80,000 | 27,80,000 | 14,99,654 | 12,80,346 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 42,75,000 | 42,75,000 | 38,34,109 | 4,40,891 |
| സാക്ഷരത | | 2,33,778 | 1,79,728 | 4,13,506 | 0 | 4,13,506 |
| ദുരിതാശ്വാസ നിധി | | 17,970 | 1,421 | 19,391.00 | 0 | 19,391.00 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 1,988.00 | 3,02,687.00 | 3,04,675.00 | 3,01,249.00 | 3,426.00 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 97,02,701 | 97,02,701 | 97,02,701 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ സി ഡി എസ് | | 3,40,340.00 | 4,49,750.00 | 7,90.090.00 | 6,00,000.00 | 1,90,090.00 |
| ശുചിത്വം | | 12,41,289 | 10,17,763.00 | 22,59,052.00 | 19,81,052.00 | 2,78,000 |
| എം പി ഫണ്ട് | | 21,131.00 | 749 .00 | 21,880.00 | 0 | 21,880.00 |
| ബി ഫണ്ട് | | | 1,07,600.00 | 1,07,600.00 | 1,07,600.00 | |
| സംസ്ഥാന സർക്കാർ വിമുക്തി, | | 12,500 | 25,000 | 37,500 | 500 | 37,000 |
| ജോയിന്റ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 22,68,235.00 | 35,05,444.00 | 57,73,679.00 | 50,53,406.00 | 7,20,273* |
| | ജില്ലാ പഞ്ചായത്ത് | 10,76,578.00 | 55,88,633.00 | 66,65,211.00 | 34,07,260.00 | 32,57,951.00 |
| തനത് ഫണ്ട് ** | ബാങ്ക് അക്കൌണ്ട് | 12,32,107.00 | 64,55,423.00 | 76,87,530.00 | 61,31,215.00 | 15,56,315.00 |
| | ട്രഷറി അക്കൌണ്ട് | 6,68,211.00 | 73,64,213.00 | 80,32,424.00 | 78,99,309.00 | 1,33,115.00 |

* നീക്കിയിരിപ്പിൽ വാർഷീക ധനകാര്യ പത്രികയുമായി 1,283വ്യത്യാസമുണ്ട്. ആയത് തിരിച്ചടച്ച തുകയാണ് .

ജനറൽ പർപ്പസ് ഗ്രാന്റ് 73,64,213 ലഭിച്ചിട്ടുണ്ട് ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല .

**തനത് ഫണ്ട് - സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത് .

ക്യൂ ബില്ലായതു കാരണം ഗ്രാന്റ് ചെലവിൽ കുറവുണ്ടായിട്ടുണ്ട് .അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ 7 ബില്ലുകൾ ക്യൂ ബില്ലായതു കാരണം 16,14,366ചെലവിൽ കുറവുണ്ടായിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകൾ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 130 | 44947159 | 102 | 31742917 | 16 | 28 | 86 | 66.15 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 53,78,167 | 19 | 46,08,554 | 15 | 79 |
| കൃഷി ഓഫീസർ | 25,58,481 | 8 | 25,51,319 | 8 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 65,89,443 | 9 | 55,80,363 | 8 | 89 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 17,33,631 | 8 | 11,07,060 | 7 | 88 |
| വെറ്ററിനറി സർജ്ജൻ | 11,41,705 | 11 | 10,57,366 | 11 | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 17,84,500 | 4 | 17,26,597 | 4 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7,19,400 | 8 | 2,61,995 | 6 | 75 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 2,15,47,649 | 53 | 1,15,41,675 | 36 | 68 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | 34,94,183 | 10 | 33,07,988 | 7 | 70 |
| ആകെ | 4,49,47,159 | 130 | 3,17,42,917 | 102 | 78 |

<u>പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ</u>

<u>ആസൂത്രണസമിതി</u>

2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 27.12.2017 ന് യോഗം ചേർന്നിട്ടുണ്ട്. തുടർന്ന് 11.6.2018ന് നവകേരളമിഷൻ അവലോകനത്തിനായി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ഈ യോഗത്തിന്റെ മിനുട്ട്സ് എഴുതിയിട്ടില്ല

<u>വർക്കിംഗ് ഗ്രൂപ്പ്</u>

12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് .2018-19 വർഷം വർക്കിംഗ് ഗ്രൂപ്പ്പുന:സംഘടിപ്പിച്ചിട്ടില്ല വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർവ്വഹണത്തിന്റെ സമഗ്രമായ ചർച്ചകൾ ഉണ്ടാകുന്നില്ല . വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി രൂപീകരിച്ചിട്ടില്ല , അതിനാൽ പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ല .

വികസന സെമിനാർ 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 7.3..2018ന് ചേർന്ന വികസന സെമിനാറിൽ 127 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി - ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടുന്നതുമായി ബന്ധപ്പെട്ട് കൺസൾട്ടന്റ് നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനും റിക്കാർഡ് റൂം സജ്ജീകരണം ഉടനെ ആരംഭിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.പൊതു ജനപരാതികൾ പരിഹരിയ്ക്കുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച പരാതി അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.തീർപ്പാക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് തടസ്സങ്ങൾ പരിഹരിയ്ക്കുന്നതിനായി സെക്ഷന് നിർദ്ദേശം നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട് .

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വാർഷീക പദ്ധതി അവലോകനം ഇടയ്ക്കിടെ നടത്തുന്നുണ്ട്.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പരിപാടിയിൽ 100 ദിന പൂർത്തീകരിയ്ക്കാത്തവർക്ക് 100 തൊഴിൽ ദിനം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾക്കായി ഓവർസിയറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് വിലയിരുത്തലും തീരുമാനങ്ങളും എടുക്കുന്നുണ്ട്. അവിവാഹിത പെൻഷൻ ,അനർഹമായി കൈപ്പറ്റിയവരിൽ നിന്നും ആയത് തിരികെ ഈടാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

റോഡരികിലുള്ളആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിഭരണസമിതിയോട് ശുപാർശചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ട് . സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ സജീവമായ ചർച്ചകളും തീരുമാനങ്ങളും എടുക്കുന്നുണ്ട് .

വാർഷ ിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

ജില്ലാ ആസൂത്രണ സമിതിയുടെ DPC/DPO/94/KNR/ 2018 തീയതി 21.3.2018 വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് . അന്തിമ പദ്ധതി അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൻവർഷം 5 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല . വനിത ഘടക പദ്ധതിയിൽ മാർഗ്ഗരേഖയിൽ പരാമർശിച്ചതിന് വിരുദ്ധമായ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 1) പ്രോജക്ട് നമ്പർ – 52/19 (പച്ചക്കറി കൃഷി – വനിത)

2) പ്രോജക്ട് നമ്പർ – 48/19 (അടുക്കളത്തോട്ടം – വനിത) എന്നീ രണ്ട് പ്രോജക്ടുകളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിരിക്കുന്നത്. വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ ഗുണം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ ഏതൊക്കയാണെന്ന് സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയ്യതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖ.6-3(10)(iii) വിശദമാക്കിയിട്ടുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 97,02,701 | 97,02,701 | 97,02,701 | |
| ഭരണചെലവുകൾ | 1,988.00 | 3,02,687.00 | 3,04,675.00 | 3,01,249.00 | 3,426.00 |
| | 1,988.00 | 1,00,05,388 | 1,00,07,376 | 1,00,03,950 | 3,426.00 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33600 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 1843600 | 143 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 8439400 | 683 |
| വാർദ്ധക്യകാലപെൻഷൻ | 19480800 | 1604 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2633300 | 209 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2078000 | 169 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹധനസഹായം | 60000 | 2 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 23.11.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,319 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിൽ 2018-19 - ൽ 7.2.2018-ന ശേഷം 27.6.2018 നാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത് .3/18 ,4/18,5/18 എന്നീ മാസങ്ങളിൽ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടില്ല. സാമ്പത്തികവർഷാവസാനം നികുതി പിരിവ്, പദ്ധതി നിർവ്വഹണ പുരോഗതി എന്നിവയുടെ ചർച്ചയോ, സാമ്പത്തിക വർഷാരംഭത്തിൽ ഇവയുടെ അവലോകനമോ നടത്തിയിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്

ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. .തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ ഓഫീസിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി സമഗ്രമായ ചുമതലാവിഭജനം നടത്തിയിട്ടുണ്ട്. തൻപതിവേട് രജിസ്റ്റർ,റണ്ണിംഗ് നോട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. സൂചിക സോഫ്റ്റ് വെയറിൽ ഇവ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇൻകംബെൻസി മാസ്റ്റർ രജിസ്റ്ററിൽ മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കിയിട്ടില്ല . ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിററ് | അവസാനം ഓഡിററ് നടത്തിയ തീയ്യതി | ഓഡിററ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിററ് | 04/11/2019 | 07/2019 – 09/2019 | 04/11/2019 |
| അക്കൗണ്ടന്റ് ജനറലിന്റെഓഡിററ് | 16/03/2011 – 26/03/2011 | 2005-06 To 2009-10 | 16/05/2011 |

## 1-11 വാർഷിക കണക്കിലെ അപാകങ്ങൾ.

1. വാർഷീക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 ൽ നിർദ്ദേശിച്ച പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

a) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് )സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

b) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല

2. 2018-19 ലെ വസ്തു നികുതി സഞ്ചയ ഡി സി ബി പ്രകാരം 1,21,466 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്ന ഇനത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുക കൂടി കണക്കിലെടുത്താണ് തൻവർഷകലക്ഷൻ ശതമാനം കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

## 1-12 ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേക്ക് ക്രെഡിറ്റ് ചെയ്തില്ല

2018-19 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില തുക₹13,390 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെഅക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക ക്രെഡിറ്റ് ചെയ്യുന്നതിനായി കത്ത് അയച്ചിട്ടുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയത് . തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഒഴിഞ്ഞ ബാരൽ വില അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള 719071400000002 എന്ന ട്രഷറി അക്കൗണ്ടിലാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ചെലവ് ചെയ്തതിനുശേഷം പ്രവൃത്തിയുടെ പേര് ,കാലിബാരൽ വില,ജി എസ് ടി ഇവ ലിസ്റ്റാക്കി പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കാറുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയത്

സർക്കുലർ നം. 59827/എഫ്.എം. / 07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.അതിനാൽ കാലിബാരൽ വില അതാത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ് .

## 1-14 വസ്തുനികുതി അപാകങ്ങൾ

1.എഫ്.ടി.ഇ & ഒ .എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ്‌വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം(ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 2 | 8/320 | പി സി ധർമ്മരാജൻ | കോഴിഫാം |
| 25 | 4/154 | അൻഷാദ് പി | യന്ത്രസാമഗ്രികൾ വാടകയ്ക്ക് നൽകൽ |
| 53 | 9/292 | സുനിൽകുമാർ പി | ഗ്രിൽസ്,ഗേറ്റ് നിർമ്മിച്ച് നൽകൽ |
| 61 | 10/148 | കെ.വി രാജേഷ് | വുഡൺ ഫർണ്ണിച്ചർ നിർമ്മാണം |
| 87 | 4/403A | സെക്രട്ടറി, പഴം പച്ചക്കറി ഉൽപാദക വിപണന സഹ. സംഘം | പഴം പച്ചക്കറി വിപണന കേന്ദ്രം |
| 94 | 12/361 | മാണിയത്ത് കമല | ഹോട്ടൽ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (29/27.11.2019) മറുപടിയായി വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 2/292, 4/403A എന്നിവ പീടിക മുറി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പ്രകാരം സഞ്ചയയിൽ മാറ്റം വരുത്തുന്നതാണെന്നും 8/320,4/154,12/361 എന്നീ കെട്ടിടങ്ങൾ അസസ്മെന്റ് രജിസ്റ്റർ പ്രകാരം

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമെന്നും 10/148 ഷെഡ് എന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്നും . ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 തൊഴിൽനികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.സ്ഥലം മാറിപ്പോയിട്ടുള്ള ജീവനക്കാർ തൊഴിൽനികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ശേഷം സ്ഥലം മാറിപ്പോയിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | തസ്തിക | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | കൃഷ്ണ എസ് | കൃഷി ഓഫീസർ | കൃഷിഭവൻ,കടമ്പൂർ | 20.08.2018 ന് ട്രാൻസ്ഫർ ആയി . |
| 2 | കുമാർ എൻ | കൃഷി അസിസ്റ്റന്റ് | കൃഷിഭവൻ,കടമ്പൂർ | 13.07.2018 ന് ട്രാൻസ്ഫർ ആയി . |
| 3 | മഹേഷ് കുമാർ | സബ് രജിസ്ട്രാർ | സബ് രജിസ്ട്രാർ ഓഫീസ്, കാടാച്ചിറ | 13.07.2018 ന് ട്രാൻസ്ഫർ ആയി . |
| 4 | ബീന വി | ഹെഡ് ക്ലർക്ക് | സബ് രജിസ്ട്രാർ ഓഫീസ്, കാടാച്ചിറ | 6.08.2018 ന് ട്രാൻസ്ഫർ ആയി . |
| 5 | മഞ്ജരി സി കെ | സീനി. ക്ലർക്ക് | സബ് രജിസ്ട്രാർ ഓഫീസ്, കാടാച്ചിറ | 8.06.2018 ന് ട്രാൻസ്ഫർ ആയി . |

ഇപ്രകാരം സ്ഥലം മാറ്റം കിട്ടിപ്പോയവർ ആ അർദ്ധവർഷത്തെ തൊഴിൽനികുതി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണത്തിന് (3/18-19,21.11.2019) മറുപടിയായി മേൽ ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി

ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ചില ജീവനക്കാരുടെ നിയമനം അപ്രൂവ് ചെയ്യാത്തതിനാൽ ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പേര് | തസ്തിക | സ്ഥാപനം |
|---|---|---|---|
| 1 | ഷീമ വി | യു.പി.എസ്.എ | കാടാച്ചിറ ഹൈസ്കൂൾ |
| 2 | സെൽമ മുഹമ്മദ് | എൽ.പി.എസ്.എ | കടമ്പൂർ ഈസ്റ്റ് യു.പി സ്കൂൾ |

ഇപ്രകാരമുള്ള ജീവനക്കാരിൽ നിന്നും നിയമനം അപ്രൂവ് ആകുമ്പോൾ ഈടാക്കുന്ന തൊഴിൽനികുതി സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (3/18-19,21.11.2019) നിയമനം അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് വരുമാനം കണക്കാക്കി നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.നികുതി ഈടാക്കുമ്പോൾ ഒടുക്കേണ്ടുന്ന മുഴുവൻ തുകയും ഈടാക്കേണ്ടതാണ്.

3.കടമ്പൂർ ഹയർസെക്കന്ററി സ്കൂളിലെ ജീവനക്കാരുടെ 2018-19 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (3/18-19,21.11.2019) മറുപടിയായി സ്ഥാപനത്തിന്റെ അപേക്ഷയിലും റിട്ടേൺ ഫോറത്തിലും ജീവനക്കാർക്ക് സെപ്തംബർ 18 മുതൽ ഫിബ്രവരി 19 വരെ സാലറി നൽകിയിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാലാണ് തൊഴിൽനികുതി ഈടാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാർക്ക് സാലറി നൽകുന്ന മുറയ്ക്ക് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങൾ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (3/18-19,21.11.2019) തൊഴിൽനികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

5. താഴെ പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവാർഷീക തൊഴിൽനികുതി റിട്ടേണുകളിൽ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | തസ്തിക | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | സജീവൻ കെ | ലൈൻമാൻ | കെ.എസ്.ഇ.ബി കാടാച്ചിറ | Transferred from ES Kannur എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. |

| | | | | |
|---|---|---|---|---|
| 2 | രമേശൻ പി പി | ലൈൻമാൻ | കെ.എസ്.ഇ.ബി കാടാച്ചിറ | Transferred from ES Chovva എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. |
| 3 | ശ്രീനാഥ് പി | മീറ്റർ റീഡർ | കെ.എസ്.ഇ.ബി കാടാച്ചിറ | Transferred from ES Chakkarakkal എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. |

ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്താത്തതിനാൽ തൊഴിൽനികുതി ഈടാക്കുന്നതിനായി മേൽ ജീവനക്കാർ പഞ്ചായത്ത് പരിധിയിൽ ജോലിചെയ്ത കാലയളവ് ലഭ്യമല്ല.ഇവർ നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണത്തിന് (3/18-19,21.11.2019) തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഓഫീസ് മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാർ ടി കാലയളവിലെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 417 സ്ഥാപനങ്ങൾ 2018-19 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 1316 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 1109 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 166 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെയുള്ള | 1 |

| | |
|---|---|
| ഷോപ്പിംഗ് മാളുകൾ | |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 2 |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 3 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 23 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 12 |
| ആകെ | 1316 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1316 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 417 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക ( ട്രേഡേഴ്സ് ലിസ്റ്റ് )വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ആയതിനാൽ തന്നെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-17 റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ:- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള കണക്ഷനുള്ള റോഡ് കട്ടിംഗ് അനുമതിക്കുവേണ്ടി ലഭ്യമായ അപേക്ഷകളിൻമേൽ 2000/- രൂപ ഡെപ്പോസിറ്റ് തുക ഈടാക്കി റോഡ് പൂർവ്വസ്ഥിതിയിലാക്കിക്കൊള്ളാമെന്ന കരാറിൽ ഗുണഭോക്താക്കൾക്ക് അനുമതി നൽകുകയാണ് ചെയ്തുവരുന്നത്. 2018-19 വർഷം റോഡ് കട്ടിംഗിനായി 36 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.പണി പൂർത്തിയായാൽ റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട്, ഭരണസമിതി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നുണ്ട്. എന്നാൽ റോഡ് റിസ്റ്റോറേഷൻ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല.ആയതിനാൽ തന്നെ റോഡ് റിസ്റ്റോറേഷൻ കൃത്യമാണെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (23/25.11.2019) മറുപടിയായി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തായതിനാൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് എൽ.എസ്.ജി.ഡി വിഭാഗം ജീവനക്കാരുടെ

താമസം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് മേൽ പ്രകാരം പ്രവൃത്തി നടപ്പാക്കിയതെന്നും റോഡ് റിസ്റ്റോറേഷൻ കൃത്യമായി ഉറപ്പുവരുത്തിയതിന് ശേഷമാണ് ഡെപ്പോസിറ്റ് തുക തിരികെ അനുവദിക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 സംസ്ഥാന ലൈഫ് ഇൻഷുറൻസ് പ്രീമിയം തുക നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. സുനീഷ് പി.വി. എന്നവരുടെ എസ്.എൽ.ഐ പ്രീമിയം തുക 4-10-16 ലെ ജി.ഒ.(പി)നം. 149/16 നമ്പർ ഉത്തരവ് പ്രകാരം 01-01-17 മുതൽ പ്രാബല്യത്തിലുള്ളതുമായ നിരക്കിലല്ല ഒടുക്കി വരുന്നത്.

| പേര് | തസ്തിക | അടിസ്ഥാന ശമ്പളം(9/18) | അടക്കേണ്ട പ്രീമിയം | അടച്ചു വരുന്ന തുക |
|---|---|---|---|---|
| ശ്രീ.സുനീഷ്.പിവി | ഹെഡ് ക്ലർക്ക് | 35700 | 500 | 250 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ശമ്പളത്തിൽ നിന്നും ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-18/25-11-19) ലഭിച്ച മറുപടിയിൽ പുതുക്കിയ നിരക്കിലുള്ള തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 സാമൂഹ്യ സുരക്ഷാപെൻഷൻ-അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.12.2018 തീയതിയിലെ 87/2018(3) നം തീരുമാനം,06.2.2019 തീയതിയിലെ 14/19 നം തീരുമാനം,06.03.2019 തീയതിയിലെ 23/2019 നം തീരുമാനം എന്നിവ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താവായിരുന്ന ശ്രീമതി എൻ സമീറ എന്നയാൾ അനർഹമായി കൈപ്പറ്റിയ 5500/- രൂപ തിരികെ ഈടാക്കുന്നതിന് നിയമാനുസൃതനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 11.05.2018 തീയതിയിലെ 28/2018 നം തീരുമാനപ്രകാരം ശ്രീമതി ശാന്ത ടി പി എന്നവർഅനർഹമായി കൈപ്പറ്റിയ 18400/- തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ഭരണസമിതി കൈക്കൊണ്ട നടപടി അറിയിക്കുന്നതിനായി നൽകിയ അന്വേഷണത്തിന്(24/26.11.19) മറുപടിയായി അനർഹമായി കൈപ്പറ്റിയ തുക തിരികെ

അടവാക്കുന്നതിന് ശ്രീമതി ശാന്ത ടി പി,ശ്രീമതി സമീറ എൻ എന്നിവർക്ക് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തീക പരാധീനത കാരണം തുക തിരികെ അടവാക്കാൻ ബുദ്ധിമുട്ടാണെന്നും തുക തിരികെ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിതരണമെന്നുമുള്ള അപേക്ഷയിൻമേൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവരുടെ അപേക്ഷ ബഹു. സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 തെരുവ് വിളക്ക് എ എം സി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 43 /19

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് AMC

അടങ്കൽ : ₹ 365000 (ധനകാര്യ കമ്മിഷൻ ഗ്രാന്റ് )

:₹ 10000 തനത് ഫണ്ട്

ആകെ : ₹ 375000

ചെലവ് തുക : ₹ 281250 (ബിൽ. നം.1819075200590112 /18-19 /05/02/19 ) : ₹83750 (ബിൽ. നം. 181907520059015/28-03-19)

തനത് ഫണ്ട് ചെലവ് തുക : ₹ 10000 തനത് ഫണ്ട്
ചെക്ക് നമ്പർ-22022092/28-03-19-₹7990

ചെക്ക് നമ്പർ-22022092/28-03-19 ₹536

ചെക്ക് നമ്പർ-911542/28-03-19 ₹536

ചെക്ക് നമ്പർ- 185197/28-03-19 ₹938

ആകെ :₹375000

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 2 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സജിത്ത്.വി.സി യുടെ ടെണ്ടറാണ് 15-02-18 ലെ 36/18(5) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചിരിക്കുന്നത് . പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1. തെരുവ് വിളക്കുകളുടെ AMC എന്ന പ്രോജക്ട് പ്രകാരം 807 തെരുവ് വിളക്കുകളുടെ മെയിന്റൻസിനാണ് അംഗീകാരം ലഭിച്ചത് . കരാറുകാർ സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളുകളിൽകുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ, വിവിധ വിളക്കുകളുടെ നിരക്ക്

ഇനം തിരിച്ച് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ ക്രമ നം 2 കരാറുകാരൻ കൃത്യമായി എണ്ണം നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട് .

2 . കരാർ ഉടമ്പടിയിൽ വാർഷിക അറ്റകറ്റ പണി നടത്താൻ തീരുമാനിച്ച തെരുവുവിളക്കുകളുടെ ഇനം തിരിച്ച് എണ്ണം രേഖപ്പെടുത്തിയിട്ടില്ല .

3. സ്ഥാപിക്കപ്പെട്ട എല്ലാ ഉപകരണങ്ങളും പ്രവർത്തനനിരതമാണോ എന്ന് ഗ്രാമ പഞ്ചായത്തും കരാറുകാരനും ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കെ.എസ് .ഇ.ബിയുടെ ബന്ധപ്പെട്ട അധികാരികളും സംയുക്ത പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല .

15-09-2011 ലെ 3055/ഡി.എ3/2011 ത.സ്വ.ഭ.വ സർക്കുലറിലെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .തെരുവ് വിളക്കുകളുടെ പരിപാലനത്തിനും അതുമായി ബന്ധപ്പെട്ട ചെലവുകളുടെ നിർവ്വഹണത്തിനും കൂടുതൽ സൂക്ഷമത പുലർത്തേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 കേരള വാട്ടർ അതോറിറ്റി-ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതും നിലവിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എത്തിയിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, കണ്ണൂർ ഡിവിഷന്റെ അക്കൗണ്ടിലേക്ക് (നം. 67153474559) ജില്ലാ പഞ്ചായത്ത് വിഹിതം ₹20,00,000 നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

| ക്രമനം | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ | ചെലവ് തുക | ബിൽ നം |
|---|---|---|---|---|
| 1 | 148/18-19 | ജില്ലാ പഞ്ചായത്ത് വിഹിതം<br>20,00,000 | 20,00,000 | 2086530/26-03-19 |
| | ആകെ | | 20,00,000 | |

മുൻകൂർ നൽകിയതിൽ ₹ 11,38,510 മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.മുന്നിരിപ്പ് ഉൾപ്പെടെ 23,61,490 ചെലവഴിക്കാൻ ബാക്കിയുണ്ട്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലാവധി 31.12.2019 വരെയാണ്. മേൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നമ്പർ 26/26-11-19) പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

## 1-22 തെങ്ങ്കൃഷി വികസന പദ്ധതി -സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -₹ 1955520 തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 46 /18-19 |
| പ്രോജക്ടിന്റെ പേര് | തെങ്ങ്കൃഷി വികസന പദ്ധതി |
| അടങ്കൽ | ₹ 1412320 വികസന ഫണ്ട് |
| | ₹ 543200 ഗുണഭോക്തൃ വിഹിതം. |
| ആകെ | ₹ 1955520 |
| ചെലവ് തുക | 1. ബിൽ നമ്പർ : 6/18-19 / 30-11-2018 ₹5,90,135<br>2. ബിൽ നമ്പർ : 2 /18-19 / 30-11-2018 ₹ 8,22,185<br>3 . ₹ 543200 ഗുണഭോക്തൃ വിഹിതം. |
| ആകെ | ₹ 1955520 |

പഞ്ചായത്തിലെ 15520 തെങ്ങുകൾക്ക് ജൈവവളം , ഡോളോമൈറ്റ് എന്നിവ 75% സബ്സിഡി നിരക്കിലും പൊട്ടേഷ് 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ കൃഷി ഓഫീസർ നൽകുകയും ചെയ്യുന്ന വിധത്തിലാണ് പദ്ധതി രൂപീകരിച്ചത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 751 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനു വേണ്ടിയാണ് മേൽ കാണിച്ച ബില്ലുകൾ പ്രകാരം മാറിയ തുക വിനിയോഗിച്ചിരിക്കുന്നത് . അപേക്ഷകൾ , ഫയൽ , രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1. സർക്കാർ ഉത്തരവ് (കൈ)നം. 22/2018 /ത.സ്വ.ഭ.വ തീ-14-02-18-ലെ ഖണ്ഡിക 6-1-1 പ്രകാരം പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങൾ / സഹകരണ സ്ഥാപനങ്ങൾ

നേരിട്ട് ഉദ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷിഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് നേരിട്ട് ലഭ്യമാക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെയും , ജൈവവളങ്ങൾ കർഷകർക്ക് ലഭ്യമാക്കിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല .

2. പദ്ധതി പ്രകാരം സബ്സിഡി തുക കാടാച്ചിറ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത് ( അക്കൗണ്ട് നമ്പർ-799010100009284) . ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല . .

3. ജൈവവളം , ഡോളോമൈറ്റ് , പൊട്ടേഷ് എന്നിവയുടെ വിതരണം , വളത്തിന്റെ ഗുണമേന്മ എന്നിവ സംബന്ധിച്ച് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമല്ല .

4 . തെങ്ങ്കൃഷി വികസന പദ്ധതിക്കായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല .

മേൽ അപാകങ്ങൾ സംബന്ധിച്ച് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 7/ 22-11-19 ) മറുപടി ലഭ്യമാക്കിയില്ല . ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിച്ചതിന്റേയും, ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹ 1955520 തടസ്സപ്പെടുത്തുന്നു .

# 1-23 പശു വളർത്തൽ പദ്ധതി- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നമ്പർ :64/19

പ്രോജക്ടിന്റെ പേര് : പശു വളർത്തൽ പദ്ധതി

അടങ്കൽ : 75,000/- (വികസനഫണ്ട്)

: 75000/- ഗുണഭോക്തൃവിഹിതം

ആകെ : 150000

ചെലവ് : ബിൽ നം. തുക : 50000/- 06/18-19/31.12.2018

25,000/-15/18-19/20.03.2019

75000/- ഗുണഭോക്തൃവിഹിതം

ആകെ 150000

മേൽ പ്രോജക്റ്റ് പ്രകാരം പശുവിനെ വാങ്ങിയതിന് അനുവദനീയമായ സബ്സ്ഡി തുകയായ 25,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ജി.ഒ. (എം.എസ്)22/2018 ത.സ്വ.ഭ.വ തീ 14.02.2018 ഖ:6.2 കുറിപ്പ് 5 പ്രകാരം, കിടാരികളെ നൽകുന്ന ആളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറേണ്ടത്. എന്നാൽ അപ്രകാരമല്ല പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (17/25.11.2019) മറുപടിയായി പ്രസ്തുത പദ്ധതി ബേങ്ക് ലോൺ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പശുവിന്റെ വിലയായ 50000/- രൂപ ഗുണഭോക്താവ് ബേങ്ക് ലോൺ ആയി എടുക്കുകയും പ്രസ്തുത തുക വിലച്ചീട്ട് പ്രകാരം പശുവിനെ വിറ്റയാൾക്ക് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാലാണ് 25000/- രൂപ സബ്സിഡി അതാത് ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായിതന്നെ പ്രോജക്റ്റ് നടപ്പാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികൾ: അപാകങ്ങൾ

<u>കരാർ ചമയ്ക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല:</u>

ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം, ടെണ്ടർ സ്വീകരിച്ചതായ രേഖമൂലമുള്ള അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ് ) കരാറുകാരന് നൽകേണ്ടതും, കരാറുകാരൻ ആയത് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പിഴ ഈടാക്കി (കരാർ തുകയുടെ 1% കുറഞ്ഞത് 1,000രൂപയും കൂടിയത് 25000/- രൂപയും) കരാറുടമ്പടി വെയ്ക്കേണ്ടതാണെന്ന് 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2009-6ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമയ്ക്കാൻ വൈകിയതിനുള്ള പിഴ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം./ പേര്/ കരാറുകാരന്റെ പേര് | അടങ്കൽ / ഫണ്ട് | ബിൽ / ചെക്ക് നം/ തുക | പി.എ.സി. തുക/ എം.ബുക്ക് നം. | എഗ്രിമെന്റ് | ടെണ്ടർ ഭരണ സമിതി അംഗീകരിച്ച നം &തീയതി | അറിയിപ്പ് കത്ത് നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 135/19 കോട്ടൂർ അംഗൻവാടി പുനരുദ്ധാരണം/ ശ്രീ.ശ്രീജേഷ്. പി.കെ | 10,000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം ) | 3/30.7.2018 8255 | 9,545/ 9/18-19 | AE/KP/ 34/17-18 തീയതി 10.1.18 | 336/17(1) തീയതി 30.11.2017 | ഇല്ല | ഭരണസമിതി അംഗീകാരം ഓഫീസിൽ ലഭിക്കാൻ വൈകിയതിനാലും ,സെലക്ഷൻനോട്ടീസ് പ്രകാരം കരാർവയ്ക്കേണ്ട അവസാന തീയതി 10.1.2018ആണെന്നുമാണ് മറുപടി നൽകിയത് (ഓഡിറ്റ് എൻക്വയറി നം- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 12 തീയതി- 23.11 .2019) മറുപടി തൃപ്തികരമല്ല . പിഴ ഈടാക്കേണ്ടതാണ് |
| 129/19<br><br>കസ്തൂർബ അംഗൻവാടി പുനരുദ്ധാരണം/ ശ്രീ.ഉമേഷ്. സി | 2,28,000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം ) | 15/25.9.2018- 2,14,822 | 2,27,192/ 14/18-19 | AE/KP/ 26/17-18 തീയതി 27.11.17 | 321/17(1) 2.11.2017 | 7.11.2017 | കരാറുകാരൻ അറിയിപ്പ് കത്ത് കൈപ്പറ്റിയ തീയതി 13.11.2017 ആണെന്നും ,അതുകൊണ്ട് പിഴ ഈടാക്കിയിട്ടില്ല എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് ( 12 തീയതി- 23.11 .2019) മറുപടി നൽകിയത്. കരാറുകാരൻ കൈപ്പറ്റിയ സെലക്ഷൻ നോട്ടീസ് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം (അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയതീയതിയായി കണക്കാക്കാവുന്നതാണെന്ന് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.) നിയമപരമായ നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. |

# 1-25 ആനപ്പാലം മാളികപ്പറമ്പ് റോഡ് ടാറിംഗ്- നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് എഞ്ചിനിയർ

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 115/19 |
| പ്രോജക്ട് - | ആനപ്പാലം മാളികപ്പറമ്പ് റോഡ് ടാറിംഗ് |
| കരാറുകാരൻ | ശ്രീ.എം.കെ.ഷാജി |
| അടങ്കൽ /ഫണ്ട് | 5,50,000(മെയിന്റനൻസ് -റോഡ്) |

| | |
|---|---|
| ബിൽ /ചെക്ക് നം. | 23/30.1.2019-5,50,000 |
| പി.എ.സി. തുക | 5,56,780 |
| എം.ബുക്ക് | 22 /18-19 |
| എഗ്രിമെന്റ് | AE/KP/38/17-18 തീയതി 7.3.2018 |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | രേഖപ്പെടുത്തിയിട്ടില്ല - കരാർതീയതി മുതൽ 10ദിവസംകണക്കാക്കിയാൽ 17.3.2018 |
| കാലാവധി | 6 മാസം |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | 16.9.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25.1.2019 |
| പ്രവൃത്തി പൂർത്തീകരണ കാലതാമസം | 4 മാസം 10 ദിവസം(130 ദിവസം) |

ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 180 ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 130 ദിവസങ്ങൾ ആണ്. പ്രവത്തി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അസിസ്റ്റന്റ് എഞ്ചിനിയർ ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ ഭരണ സമിതി 12.10.2018 ലെ 3/288(18) 3 തീരുമാനപ്രകാരം കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ദീർഘിപ്പിക്കുവാനുള്ള കാരണമോ, ദീർഘികരണ തീയതിയോ ,പിഴ ഈടാക്കേണ്ടത് സംബന്ധിച്ച വിവരമോ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം ,ഏതാണോ കുറവോ അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ് തുടർന്നും ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം .എന്നാൽ പരമാവധി ദീർഘിപ്പിക്കൽആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല .മേൽപ്രവൃത്തിയിൽ 72% സമയത്തിന്റെ ദീർഘികരണമുണ്ടായിട്ടുണ്ട്. അതി രൂക്ഷമായ കാലവർഷം കാരണംറോഡ് പൂർണ്ണമായും തകർന്നതിനാൽ റീടാറിംഗ് ചെയ്യേണ്ട ഭാഗം ഉറവ ആയതിനാൽ പ്രവൃത്തി

ആരംഭിയ്ക്കാൻ വൈകി എന്നുമാണ് ( ഓഡിറ്റ് എൻക്വയറി - 13തീയതി- 25.11.2019 ) മറുപടി നൽകിയത് . കൂടാതെ കരാറുകാരനിൽ നിന്നും നിയമപരമായ നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. പിഴ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്

# 1-26 കേസ് റോഡ് വട്ടേപ്രം ഒരികരഎൽ പി സ്ക്കൂൾ റോഡ് ടാറിംഗ്-നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റൻറ് എഞ്ചിനിയർ

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 114/19 |
| പ്രോജക്ട് - | കേസ് റോഡ് വട്ടേപ്രം ഒരികരഎൽ പി സ്കൂൾ റോഡ് ടാറിംഗ് |
| കരാറുകാരൻ | ശ്രീ.നിവേദ് |
| അടങ്കൽ /ഫണ്ട് | 6,41,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| പ്രോജക്ട് ചെലവ് | 6,40,331 |
| ബിൽ /ചെക്ക് നം. | 21/30.1.2019-6,40,331 |
| പി.എ.സി. തുക | 6,40,331 |
| എം.ബുക്ക് | 19/18-19 |
| എഗ്രിമെന്റ് | AE/KP/2/18-19തീയതി 9.4.2018 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | Date of opening tender-19.2.2018 |
| അറിയിപ്പ് നൽകിയ തീയതി | ഇല്ല |
| | |

| | |
|---|---|
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | 9.4.2018 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | 18.10.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി(ചെക്ക് മെഷർതീയതി ) | 28.12.2018 |
| പ്രവൃത്തി പൂർത്തീകരണ കാലതാമസം | 70 ദിവസം |

ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 180 ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 70 ദിവസങ്ങൾ ആണ്. പ്രവൃത്തി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അസിസ്റ്റന്റ് എഞ്ചിനിയർ ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല . എന്നാൽ ഭരണ സമിതി 12.10.2018 ലെ 3/288(18) 3 തീരുമാനപ്രകാരം കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട് .ദീർഘിപ്പിക്കുവാനുള്ള കാരണമോ, ദീർഘീകരണ തീയതിയോ ,പിഴ ഈടാക്കേണ്ടത് സംബന്ധിച്ച വിവരമോ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം ,ഏതാണോ കുറവോ അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ് തുടർന്നും ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. ചില സാങ്കേതിക കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും, ദീർഘീകരണത്തിനായി ഭരണസമിതി മുൻപാകെ അപേക്ഷിച്ചുവെന്നും, പിഴ ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് -(നം 14തീയതി-25.112019) മറുപടി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ 39% സമയത്തിന്റെ ദീർഘീകരണമുണ്ടായിട്ടുണ്ട് .അതിനാൽ നിയമപരമായ നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

# 1-27 മാളികപ്പറമ്പ് കണിശ്ശൻമുക്ക് റോഡ് മെയിന്റനൻസ് -നിശ്ചയിച്ച കാലാവധിക്കുള്ളിൽ കരാർ വയ്ക്കാത്തതും പ്രവൃത്തി പൂർത്തികരിക്കാത്തതിലെ കാലതാമത്തിന് പിഴ ഈടാക്കാത്തതും

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റൻറ് എഞ്ചിനിയർ

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 121/19 |
| പ്രോജക്റ്റ് - | മാളികപ്പറമ്പ് കണിശ്ശൻമുക്ക് റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ.നിവേദ് .എം |
| അടങ്കൽ /ഫണ്ട് | 1,08,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| പ്രോജക്റ്റ് ചെലവ് | 102464 |
| ബിൽ /ചെക്ക് നം. | 22/31.1.2019-102464 |
| പി.എ.സി. തുക | 1,07,985 |
| എം.ബുക്ക് | 21/18-19 |
| എഗ്രിമെന്റ് | AE/KP/3/18-19തീയതി 9.4.2018 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച നം &തീയതി | 61/18(91) തീയതി 8.3.2018 |
| അറിയിപ്പ് കത്ത് നൽകിയ തീയതി | ഇല്ല |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | കരാർതീയതി മുതൽ 10 ദിവസം കണക്കാക്കിയാൽ 19.4.2018 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | 19.10.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25.1.2019 |
| പ്രവൃത്തി | (97 ദിവസം) |

| | |
|---|---|
| പൂർത്തീകരണ കാലതാമസം | |

ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 180 ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 97 ദിവസങ്ങൾ ആണ്. പ്രവൃത്തി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിക്കുകയോ അസിസ്റ്റന്റ് എഞ്ചിനിയർ ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ ഭരണ സമിതി 12.10.2018 ലെ 3/288(18) 3 തീരുമാനപ്രകാരം കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട് .ദീർഘിപ്പിക്കുവാനുള്ള കാരണമോ, ദീർഘീകരണ തീയതിയോ, പിഴ ഈടാക്കേണ്ടത് സംബന്ധിച്ച വിവരമോ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം ,ഏതാണോ കുറവോ അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘീപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ചില സാങ്കേതിക കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും, ദീർഘീകരണത്തിനായി ഭരണസമിതി മുൻപാകെ അപേക്ഷിച്ചുവെന്നും പിഴ ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് -(നം 15 തീയതി- 25.11.2019) മറുപടി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ 54% സമയത്തിന്റെ ദീർഘീകരണമുണ്ടായിട്ടുണ്ട് . അതിനാൽ നിയമപരമായ നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

നിശ്ചയിച്ച കാലാവധിക്കുള്ളിൽ കരാർ ചമച്ചില്ല:

ടെണ്ടർ സ്വീകരിച്ചതായ രേഖ മൂലമുള്ള അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ് )കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പിഴ ഈടാക്കി (കരാർ തുകയുടെ 1% മിനിമം 1,000) കരാറുടമ്പടി വെയ്ക്കേണ്ടതാണെന്ന് 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2009-06ൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള പിഴയും മേൽ പറയുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

# 1-28 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 (ആക്ട് ഓഫ് 1996 ) ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ,ചെലവിന്റെ ഉറവിടത്തിൽ നിന്ന തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന

തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/21.11.19) മറുപടി നൽകിയത്. കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്ന തുകയുടെ 1% തുക കളക്ഷൻ ചാർജിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-29 റോഡ് ടാറിംഗിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല.

18-5-2016 ലെ ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ സർക്കുലർ നിർദ്ദേശപ്രകാരവും, 17-11-16ലെ സ.ഉ(സാധാ) നം. 3119/2016 ത.സ്വഭ.വ ഉത്തരവിലെ നിർദ്ദേശ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ട്, മെയ്ൻറ്റനൻസ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചീനിയറുടെ നം. ഡി.ബി.3-4620/2012സി.ഇ. തസ്വഭവ തീ. 2.2.18, ചീഫ് എഞ്ചിനീയറുടെ നം. ഡി.ബി.3-4620/2012സി.ഇ.തസ്വഭവ തീ. 26.2.18 എന്നീ ഉത്തരവുകളിലൂടെ 2018-19 വർഷം മുതൽ റോഡ് പ്രവൃത്തികളിൽ ഷെഡ്രഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പ്രവൃത്തികളുടെ ശതമാനം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2018-19-ൽ ആകെ റോഡ് ടാറിംഗ് പ്രവൃത്തികളുടെ പ്രോജക്ടിൽ 25 ശതമാനം പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ 2018-19 വർഷം റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല . അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗത്തിനായി മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്

# 1-30 ബാലസൗഹൃദ അങ്കണവാടി സജ്ജീകരിക്കൽ -രേഖകളുടെ അഭാവത്തിൽ ₹ 155316 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 138 /19

പ്രോജക്ടിന്റെ പേര് : ബാലസൗഹൃദ അങ്കണവാടി സജ്ജീകരിക്കൽ

അടങ്കൽ : ₹ 49900 വികസന ഫണ്ട്(പൊതു വിഭാഗം)

: ₹ 105416 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹ 155316

ചെലവ് തുക : ₹ 49900 (ബിൽ. നം. 11 /18-19 / 21-12-18 )

: ₹ 105416 ചെക്ക് നമ്പർ 6886380,01-12-18

ആകെ : ₹ 155316

പഞ്ചായത്തിലെ സ്വന്തമായി കെട്ടിടമുള്ള 12 അങ്കണവാടികളിൽ ചുമർ ചിത്രം വരച്ച് പ്രീസ്കൂൾ കുട്ടികളെ അങ്കനവാടികളിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് . അംഗൻവാടികളിൽ ചിത്രം വരയുന്നതിനുള്ള മേൽ പ്രോജക്ടിനായി ശ്രീ. വിനോദൻ .പി, മുദ്ര, മമ്പറം എന്ന വ്യക്തിക്ക് ടെണ്ടർ നടപടികളിലൂടെ ഒരു യൂണിറ്റിന് ₹ 12943 നിരക്കിൽ ടെണ്ടർ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 12 അംഗൻവാടികളിൽ ചിത്രം വരച്ചതിന്റെ ചെലവിനത്തിൽ ₹ 155316 കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1 . ടെണ്ടർ ക്ഷണിച്ച നോട്ടീസിൽ ചെയ്യേണ്ട പ്രവൃത്തിയുടെ യൂണിറ്റ് , യൂണിറ്റ് കണക്കാക്കുന്നതിന്റെ വിശദാംശങ്ങൾ ,നിരക്ക് ,സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കരാറുകാർ സമർപ്പിച്ച എഗ്രിമെന്റിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ, അളവ്, കാലാവധി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല . പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് അങ്കണവാടികളിലെ വർക്കർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്

പദ്ധതിയുടെ ഫലപ്രാപ്തി യഥാവിധി വിലയിരുത്തേണ്ടിയിരുന്ന മോണിറ്ററിങ് സമിതി റിപ്പോർട്ട് ലഭ്യമല്ല .കൂടാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പദ്ധതി സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല . പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് എഞ്ചിനീയറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ജാമ്യനിക്ഷേപ തുക തിരികെ ലഭ്യമാക്കാമെന്ന കരാർ നിബന്ധന പ്രകാരമുള്ള എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 19/ 25-11-19 ) 12 അങ്കണവാടികളിലും ചുമർ ചിത്രം വളരെ നന്നായി വരച്ചിട്ടുണ്ടെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത് . പദ്ധതിയുടെ വിവിധ ഘട്ടത്തിലെ നടത്തിപ്പ് സംബന്ധിച്ച് പ്രോജക്ടിൽ വിശദമായ നിർദ്ദേശങ്ങളൊന്നും വെച്ചിരുന്നില്ല. അങ്കണവാടി വർക്കർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകിയത് ശരിയായ നടപടിയായില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. രേഖകളുടെ അഭാവത്തിൽ ₹ 155316 തടസ്സപ്പെടുത്തുന്നു.

# 1-31 അഗതിരഹിതകേരള പദ്ധതി - അവലോകനം

₹ 57,18,136 അടങ്കൽ വരുന്ന അഗതിരഹിതകേരള വാർഷീക കർമ്മ പദ്ധതിയ്ക്ക് ഭരണസമിതിയുടെ 13.6.2018ലെ 172/18(1) തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 38 ഗുണഭോക്താക്കളാണ് അഗതിരഹിത കേരളപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് .

ചാലഞ്ച് ഫണ്ട് - 17,68,136

ഇതര ഫണ്ട് - 1,16,000

സ്പോൺസർ ഷിപ്പ് - 22,500

വികസന ഫണ്ട് - 38,11,500
ഭവനം – 6, ഭവന റിപ്പയർ – 6, കുടിവെള്ളം (പൈപ്പ്) – 7

കുടിവെള്ളം (കിണർ) - 1 , കക്കൂസ് - 1, ഭൂമി -1 ഇപ്രകാരമാണ് ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യത്തിന്റെ ആവശ്യകത. "ലൈഫി"ൽ അഗതികളെ ഉൾപ്പെടുത്തുന്നതിനായി ഭരണസമിതിയുടെ 8.3.19ലെ 98/19/(1) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.ഈവർഷം രണ്ട് ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ച നൽകിയിട്ടുണ്ട്.

വീട് റിപ്പയറിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട് .എന്നാൽ ഈവർഷം തുക നൽകിട്ടില്ല .

ചാലഞ്ച് ഫണ്ട് ഈ വർഷം ലഭിച്ചിട്ടില്ല. മുന്നിരിപ്പുള്ള ₹ 1,07,102 ഉപയോഗിച്ച് പോഷകാഹാര കിറ്റ് വിതരണം മാത്രം നടത്തിയിട്ടുണ്ട്. അഗതിരഹിതകേരള പദ്ധതി, ലക്ഷ്യം കൈവരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-32 അജൈവ മാലിന്യ സംസ്ക്കരണവും വയബിലിറ്റി ഗേപ്പ് ഫണ്ടും

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 50 /19

പ്രോജക്ടിന്റെ പേര് : ഹരിത കേരളം അജൈവ മാലിന്യ സംസ്ക്കരണം വയബിലിറ്റി ഗേപ്പ് ഫണ്ടിങ്ങ്

അടങ്കൽ : ₹ 50612 (വികസന ഫണ്ട്)

: ₹ 250663 ( ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ആകെ : ₹ 301275

ചെലവ് തുക : ₹ 165000 ( ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

(ബിൽ. നം. 4/18-19, 23- 08 -18 -₹50000)

(ബിൽ. നം. 5/18-19, 23-10-18 -₹21000)

(ബിൽ. നം. 11/18-19, 21-11-18 ₹ 32000 )

(ബിൽ. നം.15 /18-19, 17-12-18-₹ 33000 )

(ബിൽ. നം.19-/18-19,11-03-19-₹ 29000 )

പഞ്ചായത്തിലെ 13 വാർഡുകളിലായി സ്ഥാപിച്ച 52 പ്ലാസ്റ്റിക്ക് ശേഖരണ ബിന്നുകളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിച്ച് പഞ്ചായത്ത് സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്ന വണ്ടിവാടക , ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള പ്രതിഫലം എന്നിവ നൽകുന്നതിന് യൂസർ ഫീ മതിയാവാതെ വരുന്ന സാഹചര്യത്തിൽ ആയത് നികത്തുന്നതിന് വേണ്ടിയാണ് പദ്ധതിയിൽ തുക വകയിരുത്തിയത് .പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ 20/25-11-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 24-03-18 ലെ 75/18(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം 2018 ആഗസ്റ്റ് മാസം മുതലാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചതെന്നും 13 പേരെ ഹരിതകർമ്മ സേന അംഗങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇവർ വീടുകളിൽ നിന്നും 30 രൂപയും കടകളിൽ നിന്നും 50 രൂപയുമാണ് യൂസർ ഫീയായി ശേഖരിക്കുന്നതെന്നുമാണ് അറിയിച്ചത്. ഈ തുക പ്രസിഡണ്ട്, വിഇഒ എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ കാടാചിറ , എസ്.ബി.ഐ ബാങ്കിൽ ആരംഭിച്ച 67391417770 -ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചതായും ഓരോ മാസവും പിരിച്ചെടുക്കുന്ന തുക അതാത് മാസം തന്നെ ബാങ്കിൽ നിക്ഷപിക്കുകയും ചെയ്യുന്നു എന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്. പിരിച്ചെടുക്കുന്ന തുകകൾക്ക് രസീത് നൽകുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽസ്വന്തമായി എം സി എഫ് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരം തിരിച്ച് പുന:ചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവമാലിന്യങ്ങൾ എം സി എഫ് കെട്ടിടത്തിൽ വൃത്തിയായി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. എടക്കാട് ബ്ലോക്കിൽ പണി പൂർത്തിയാക്കിയ ആർ ആർഎഫ് കെട്ടിടം പ്രാദേശികമായ എതിർപ്പിനെ തുടർന്ന് പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത കെട്ടിടം തുടങ്ങുന്ന മുറക്ക് ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അങ്ങോട്ട് മാറ്റുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുമെന്നും അറിയിച്ചു. ഹരിതകർമ്മ സേനയുടെ പ്രവർത്തനം , ധനവിനിയോഗം സംബന്ധിച്ചുമുള്ള കരട് ബൈലോ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്, ആർ ആർഎഫ് കെട്ടിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-33 എസ്.എസ്.എ വിഹിതം കൈമാറൽ - ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

കടമ്പൂർ ഗ്രാമ പഞ്ചായത്തിലെ എൽ.പി , യു.പി സ്കൂളുകളുടെ പഠന നിലവാരവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായി സർവ്വ ശിക്ഷ അഭിയാൻ, കണ്ണൂർ തയ്യാറാക്കിയ 2018-19 ലെ ആന്വൽ വർക്ക് പ്ലാൻ & ബജറ്റ് പ്രകാരം ₹ 674386 യാണ് എസ്.എസ്.എ, കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുള്ളത് ( അക്കൗണ്ട് നമ്പർ-0704101110720) . ₹

674386 മുഴുവനായും വിനിയോഗിച്ചതായി 30/ 04/19 ന് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആന്വൽ വർക്ക് പ്ലാൻ & ബജറ്റ് അനുസരിച്ചുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ₹ 674386 വിനിയോഗിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമായിട്ടില്ല. ഇനംതിരിച്ചുള്ള വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-25/26-11-19) ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രത്തിനായി 21-05-19 ലെ എ/2835/19 നമ്പർ കത്ത് പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട് .

നൽകിയ തുകയുടെ വിശദവിവരങ്ങൾ ചുവടെ:

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 0002/19 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം കൈമാറൽ |
| വകയിരുത്തിയ തുക | ₹674386 വികസന ഫണ്ട് |
| ചെലവ് തുക | ₹ 674386 |
| ബിൽ നമ്പർ/ തീയ്യതി | 1.18190752005900277423/30-06-18 ₹ 534096<br>2. 18190752005900985707/ 29-12-18 ₹ 113690<br>3 . 18190752005401203804 /25-02-19 ₹ 26600 |

# 1-34 പാലിയേറ്റീവ് കെയർ പദ്ധതി - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 29 |
| പ്രോജക്ടിന്റെ പേര് | സ്പർശം-പാലിയേറ്റീവ് സൗഹൃദപഞ്ചായത്ത് |
| അടങ്കൽ | ₹16,00,000<br>₹ 4,50,000 വികസനഫണ്ട് |

| | |
|---|---|
| | ₹5,50,000 ജില്ലാ പഞ്ചായത്ത്<br>₹6,00,000 ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് | ₹15,99,984 |

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.7.2019 മുതൽ 16.7.2019 വരെ | കെ.എസ്.എ./കെ.എൻ.ആർ /സി6 /1313 /19 തീയതി : 14.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 70,000 | കറവപശുക്കൾക്ക് പാലിന് സബ്സിഡി | 70,000 | 0 |
| | 6,00,000 | സ്പർശം പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് | 6,00,000 | 0 |
| | 34,000 | പച്ചക്കറികൃഷികൂലി ചെലവ് സബ്സിഡി നൽകൽ | 34,000 | 0 |
| | 3,25,825 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,25,825 | 0 |
| | 22,12,400 (മുന്നിരിപ്പ് ) | പൊതു ശ്മശാനം (ഗ്യാസ് ) കെട്ടിടനിർമ്മാണം | 18,07,313 | 4,05,087 |
| | 1,54,100 | ബാല സൗഹൃദഅങ്കൺവാടി സജ്ജീകരിക്കൽ | 1,05,416 | 48,684 |
| | 4,63,067 | ലൈഫ് ഭവന നിർമ്മാണം (പട്ടിക ജാതി ) | 2,52,400 | 2,10,667 |
| ആകെ | 38,59,392 | | 31,94,954 | 6,64,438 |
| ജില്ല പഞ്ചായത്ത് | 25,500 | നെൽകൃഷി വികസന പദ്ധതി | 25,500 | 0 |
| | 5,50,000 | സ്പർശം പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് | 5,49,984 | 16 |
| | 20,000 | ക്യാൻസർ നിർണ്ണയക്യാമ്പും ഹൃദയരോഗബോധവത്ക്കരണവും | 20,000 | 0 |
| | 2,50,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| | 4,83,800 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 4,31,548 | 52,252 |
| | 20,00,000 | പൊതു ശ്മശാനം -രണ്ടാംഘട്ടം | 0 | 20,00,000 |
| | 1,89,333 | ലൈഫ്ഭവന നിർമ്മാണം (പട്ടികജാതി ) | 0 | 1,89,333 |
| | | | | |

| | | | | |
|---|---|---|---|---|
| | 20,00,000 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെഡബ്ല്യൂഎ പൈപ്പ് ലൈൻദീർഘിപ്പിക്കൽ | 20,00,000 | |
| ആകെ | ~~55,18,633~~ | | ~~32,77,032~~ | 22,41,601 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ -

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക്നം. തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 148/19 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെഡബ്ല്യൂ എ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21801220 തീയതി26.3.2019 (ചെക്ക്നം 2086530തീയതി26.3.2019) | 20,00,000 | 11,38,510 | മുന്നിരിപ്പ് ഉൾപ്പെടെ 23,61,490 ചെലവഴിയ്ക്കാൻ ബാക്കിയുണ്ട് |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക -

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,35,95,152 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,39,30,845 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,10,836 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 19,55,520 | ശ്രീമതി.ആർദ്ര എസ് രഘുനാഥ്(കൃഷി ഓഫീസർ) |
| 1-30 | 1,55,316 | ശ്രീമതി വിലാസിനി കക്കോത്ത് – ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ

എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ആർദ്ര എസ് രഘുനാഥ് (കൃഷി ഓഫീസർ) | കൃഷി ഓഫീസർ കടമ്പൂർ ഗ്രാമ പഞ്ചായത്ത് | പുൽപേൽ ഹൗസ് ചേരിക്കോട് കണ്ണൂർ |
| ശ്രീമതി വിലാസിനി കക്കൊത്ത് (ഐ.സി.ഡി.എസ്. സൂപ്പർവൈസർ) | റിട്ടയർ ചെയ്തു | സൗപർണ്ണിക നിയർ മഠത്തിൽ വളപ്പ്, എളയാവൂർ പി.ഒ. ചൊവ്വ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 2 |
| 2001-02 | കെ എസ് എ /കെ എൻ ആർ/സി6/ | 4 |

| | | |
|---|---|---|
| | 797/2019 തീയതി 21.6.2019 | |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 7 |
| 2008-09, 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 2011-12, 2012-13 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി6/ 1025/2019 തീയതി 4.11.2019 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1803/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 22.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kadambur Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7956017.00 |
| Cash | Cash | RP-40(a) | 32473.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1264740.00 |
| 140000000 | Fees & User Charges | RP-4 | 392173.00 |
| 150000000 | Sale & Hire Charges | RP-5 | 111483.00 |
| | | | |

| | | | |
|---|---|---|---|
| 151000000 | Receipts from Transferred Institutions | RP-6 | 4385.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 25823583.00 |
| 171000000 | Interest Earned | RP-9 | 123852.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11617170.00 |
| 350000000 | Other Liabilities | RP-36 | 242985.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 53114.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 1421.00 |
| 340000000 | Deposits Received | RP-34 | 345197.00 |
| 350000000 | Other Liabilities | RP-36 | 535582.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3071880.00 |
| 460000000 | Loans, Advances and Deposits | RP-47 | 7587.00 |
| | Grand total | | 51583642.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3208249.00 |
| 220000000 | Administrative Expenses | RP-12 | 743361.00 |
| 230000000 | Operations & Maintenance | RP-13 | 996440.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2955777.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11988132.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1149858.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1259651.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 107600.00 |
| 255000000 | Maintenance Projects | RP-20 | 2950129.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 515000.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | 62900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 366495.00 |
| 350000000 | Other Liabilities | RP-36 | 4428201.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 339.00 |
| 280000000 | Prior Period Item | RP-26 | -3150.00 |
| 340000000 | Deposits Received | RP-34 | 155280.00 |
| 350000000 | Other Liabilities | RP-36 | 2099716.00 |
| 410000000 | Fixed Assets | RP-38 | 6504881.00 |
| 412000000 | Capital work in Progress | RP-40 | 2078194.00 |
| 460000000 | Loans, Advances and Deposits | RP-47 | 2363792.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7652797.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 51583642.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kadambur Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4276456.00 |
| 140000000 | Fee & User Charges | I-4(b) | 592565.00 |
| 150000000 | Sale & Hire Charges | I-5(b) | 111483.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 4385.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 76071520.00 |
| 171000000 | Interest Earned | I-8 | 123852.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 81180261.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9509705.00 |
| 220000000 | Administrative Expenses | I-11(b) | 754156.00 |
| 230000000 | Operations & Maintenance | I-12(b) | 998649.00 |
| 240000000 | Interest & Finance Charges | I-13 | 339.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4681177.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21736528.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 542108.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1259651.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 34582700.00 |
| 255000000 | Maintenance Projects | I-14(e) | 2950129.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 515000.00 |
| 272000000 | Depreciation | I-17(a) | 4632176.00 |
| | Total Expenditure | | 82162318.00 |
| | Gross Surplus/ Deficit of income over Expenditure | | -982057.00 |
| 280000000 | Prior Period Item | I-18 | 119410.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1101467.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Kadambur Grama Panchayat BALANCE SHEET as on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -7847113.00 |
| | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 19391.00 |
| 312000000 | Reserves | B-3 | 29205556.00 |
| | Total Reserve & Surplus | | 21377834.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4548467.00 |
| | Total Grants, Contributions for Specific Purposes | | 4548467.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 517518.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 970238.00 |
| | Total Current Liabilities and Provisions | | 1487756.00 |
| | TOTAL LIABILITIES | | 27414057.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39808342.00 |
| 411000000 | Accumulated Depreciation | B-11 | -25049906.00 |
| 412000000 | Capital Work in Progress | B-11(a) | 2078194.00 |
| | Total Fixed Assets | | 16836630.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 277530.00 |
| 450000000 | Cash and Bank Balance | B-17 | 7652797.00 |
| 460000000 | Loans, Advances and Deposits | B-18 | 2647100.00 |
| | Total Current Assets, Loans and Advances | | 10577427.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 27414057.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.